"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ മീഡിയം ഓഫ് ഇൻസ്ട്രക്ഷൻസ് കൂടി രേഖപ്പെടുത്തി നൽകുന്നതിന് പരീക്ഷാ കമ്മീഷണർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.9800/2025/GEDN തീയതി,തിരുവനന്തപുരം, 20-11-2025

---

പരാമർശം:-

1. കേരള സ്റ്റേറ്റ് കന്നഡ മീഡിയം ടീച്ചേഴ്സ് ഓർഗനൈസേഷൻ പ്രസിഡന്റ് സർക്കാരിലേക്ക് സമർപ്പിച്ച 24/04/2025 തീയതിയിലെ അപേക്ഷ.
2. പരീക്ഷാ കമ്മീഷണറുടെ 15/05/2025 തീയതിയിലെ ഇ.എക്സ്/സി.ജി.എൽ (1) 16377/2025/സി.ജി.ഇ നമ്പർ കത്ത്.
3. പരീക്ഷാ ഭവൻ സെക്രട്ടറിയുടെ 03/07/2025 തീയതിയിലെ ഇ.എക്സ്/സി.ജി.എൽ(1) 16377/2025/സി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

നിലവിൽ മലയാളം, തമിഴ്, കന്നട മാധ്യമങ്ങളിൽ ആണ് കുട്ടികൾ എസ്.എസ്.എൽസി പരീക്ഷ എഴുതുന്നതെന്നും, എന്നാൽ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ മീഡിയം ഓഫ് ഇൻസ്ട്രക്ഷൻസ് രേഖപ്പെടുത്തി നൽകുന്നില്ലയെന്നും, മുൻപ് ചില വർഷങ്ങളിൽ ബുക്ക് രൂപത്തിലുള്ള സർട്ടിഫിക്കറ്റിൽ മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ' രേഖപ്പെടുത്തി നൽകിയിരുന്നവെന്നും. കാർഡ് രൂപത്തിലുള്ള സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള കുട്ടികളിൽ ചിലരൊക്കെ മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ ഏതാണെന്ന് സാക്ഷ്യപ്രതം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കുകയും ആയത് നൽകിയിട്ടുമുണ്ടെന്നും, കുട്ടികൾക്ക് അവരുടെ ഉന്നതവിദ്യാഭ്യാസ ആവശ്യത്തിനും ജോലി തേടി കേരളത്തിന് പുറത്തും മറ്റു രാജ്യങ്ങളിലേയ്ക്കും പോകേണ്ടി വരുമ്പോഴും, കേരളത്തിനകത്ത് ചില സ്ഥാപനങ്ങളിലേയ്ക്കും പി.എസ്.സി യുടെ ചില പ്രത്യേക നിയമനങ്ങളിലേയ്ക്കും മീഡിയം ഓഫ് ഇൻസ്ട്രക്ഷൻസ് ഏതാണെന്ന് ആവശ്യപ്പെട്ട് സാക്ഷ്യ പത്രം നൽകേണ്ട സാഹചര്യം ഉണ്ടാകുന്നുണ്ടെന്നും അറിയിക്കുകയും , കേരള സ്റ്റേറ്റ് കന്നഡ മീഡിയം ടീച്ചേഴ്സ് ഓർഗനൈസേഷൻ (KSKMTO) പ്രസിഡന്റ് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പരീക്ഷാ കമ്മീഷണർ ശിപാർശ ചെയ്ത് സർക്കാരിലേക്ക് ലഭ്യമാക്കുകയും ചെയ്തിരുന്നു. നിലവിൽ നൽകി വരുന്ന പ്രിൻന്റഡ് സർട്ടിഫിക്കറ്റിൽ ഇൻസ്ട്രക്ഷൻസ് രണ്ടാം പാർട്ടിൽ മീഡിയം രേഖപ്പെടുത്തുന്നതിന് സാങ്കേതികമായ തടസ്സമുള്ളതായി കാണുന്നില്ലായെന്നും, പ്രസ്തുത വിവരം രേഖപ്പെടുത്തുന്നതിന് മുന്നൊരുക്കമായി പരീക്ഷാ രജിസ്ട്രേഷൻ മൊഡ്യൂളിലും സർട്ടിഫിക്കറ്റ് പ്രിന്റിംഗ് മൊഡ്യൂളിലും ഉൾപ്പെടുത്തേണ്ടതുണ്ടെന്നും, ആയതിനാൽ തുടർന്ന് വരുന്ന സർട്ടിഫിക്കറ്റുകളിൽ ആയത് രേഖപ്പെടുത്തി നൽകുന്നതിന് പ്രായോഗികമായും സാങ്കേതികമായും യാതൊരു തടസ്സവുമില്ലെന്നും പരാമർശം (3) പ്രകാരവും അറിയിച്ചിരുന്നു.

2. സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. എസ്.എസ്.എൽ.സി പരീക്ഷയുടെ സർട്ടിഫിക്കറ്റ് വിവരശേഖരണത്തിൽ മീഡിയം ഓഫ് ഇൻസ്ട്രക്ഷൻസ് എന്ന ഓപ്ഷൻ കൂടി ഉൾപ്പെടുത്തുന്നതിന് പരീക്ഷാ കമ്മീഷണർക്ക് അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പരീക്ഷാ കമ്മീഷണർ, പരീക്ഷാ ഭവൻ, തിരുവനന്തപുരം.
പ്രസിഡന്റ്, കേരള സ്റ്റേറ്റ് കന്നഡ മീഡിയം ടീച്ചേഴ്സ് ഓർഗനൈസേഷൻ (KSKMTO), കന്നട അദ്ധ്യാപക ഭവൻ, ബീരാന്തബിൽ, കാസറഗോഡ് - 671 121
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O.
സെക്ഷൻ ഓഫീസർ
Date: 21-11-2025 10:17:08